മിൽമയുടെ മേഖലാ യൂണിയൻ തലത്തിൽ നാഷണൽ ഡയറി പ്ലാനിൽപ്പെട്ട പദ്ധതികളായ റേഷൻ ബാലൻസിംഗ് പ്രോഗ്രാമിലൂടെയും വില്ലേജ് ബേസ്ഡ് മിൽക്ക് പ്രൊക്യൂർമെന്റ് സിസ്റ്റത്തിന്റെയും നടത്തിപ്പിനായുള്ള നടപടികൾ 2013-14 വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

ക്ഷീര കർഷകർക്കുള്ള പെൻഷൻ

33 (5380) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര കർഷകർക്ക് അനുവദിച്ചിട്ടുള്ള പെൻഷൻ 2014 മെയ് മാസത്തിനു ശേഷം വിതരണം ചെയ്യാത്തതുമൂലം കർഷകർക്കുണ്ടായിട്ടുള്ള വിഷമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ക്ഷീര കർഷകർക്കുള്ള പെൻഷൻ കുടിശ്ശികയടക്കം വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ക്ഷീരകർഷകർക്ക് അനുവദിച്ചിട്ടുള്ള പെൻഷൻ ജൂൺ 2015 വരെയുള്ളത് പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്.

ക്ഷീരമേഖല വികസനവും കന്നുകാലി ഫാമുകൾക്ക് പ്രോത്സാഹന പദ്ധതിയും

34 (5381) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്ഷീരമേഖലയിൽ യുവജനങ്ങൾ കടന്നുവരുന്നതിന് വൈമുഖ്യം കാണിക്കുന്നതായ സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണമെന്തെന്നു വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കന്നുകാലി ഫാമുകൾ നടത്തുന്ന ചെറുപ്പക്കാർക്ക് എന്തെല്ലാം തരത്തിലുള്ള പ്രോത്സാഹന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(സി) ക്ഷീരകർഷകർക്ക് ചെലവുകൾക്ക് അനുസരിച്ചുള്ള വരുമാനം പലപ്പോഴും ഇതിൽ നിന്നും ലഭിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ചെലവുകൾ കുറച്ച് കൃഷി കൂടുതൽ ആകർഷണീയമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ക്ഷീരമേഖലയിലേക്ക് കൂടുതൽ ചെറുപ്പക്കാർ കടന്നുവരുന്നതിന് വേണ്ടിയും കന്നുകാലി ഫാമുകൾക്ക് പ്രത്യേക സഹായം നൽകുന്ന രീതിയിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ ?

ഉത്തരം

(എ) പൊതുവെ കാർഷികവൃത്തിയോട് പുതുതലമുറയിൽപ്പെട്ട ചെറുപ്പക്കാർക്ക് വൈമുഖ്യം ഉണ്ടെങ്കിലും ക്ഷീരമേഖലയിൽ യുവജനങ്ങളായ സംരംഭകർ കടന്നു വരുന്നതായാണ് കാണുന്നത്.

(ബി) വകുപ്പ് നടപ്പിലാക്കുന്ന മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലെ ഘടകങ്ങളായ ഡയറി യൂണിറ്റുകൾ, ഡയറി ഫാമിന്റെ ആധുനികവത്ക്കരണം, കാലിത്തൊഴുത്ത് നിർമ്മാണം തുടങ്ങിയ പദ്ധതികൾ മുഖേന കന്നുകാലി ഫാം നടത്തുന്ന ചെറുപ്പക്കാർക്ക് ആവശ്യാധിഷ്ഠിത ധനസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(സി) ഉണ്ട്. ക്ഷീരോത്പാദനത്തിന്റെ ചെലവിന്റെ 75%-വും തീറ്റയ്ക്കാണ് ആവശ്യമായിവരുന്നത്. ആയത് പരമാവധി കുറയ്ക്കുന്നതിനാവശ്യമായ തീറ്റപ്പുൽക്കൃഷി പദ്ധതിക്കും ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനായി കറവ, ക്ലീനിംഗ്, വെള്ളം നൽകൽ എന്നിവയ്ക്കുള്ള യന്ത്രസംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും കർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

ക്ഷീര സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം

35 (5382) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരസഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിന് കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിച്ചത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly